പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.352 25.04.2017 ൽ മറുപടിയ്ക്ക്

കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള സാധനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.കെ.വിജയൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ മന്ത്രി) |
| പൊതുജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണനിലവാര മുള്ള സാധനങ്ങൾ ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ? | പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വില വർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ വഴി സബ്സിഡി നിരക്കിലും എഫ്.എസ്.എസ്.ആർ. (ഫ്രീ സെയിൽ സബ്സിഡി റേറ്റ്) നിരക്കിലും അവശ്യസാധനങ്ങൾ വിതരണം ചെയ്ത് വരുന്നു. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാസാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായിട്ടാണ് വില്പനക്ക് തയ്യാറാക്കുന്നത്. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാസാധനങ്ങളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമായി മാത്രമെ വിതരണം ചെയ്യുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ